# ഹരിതദളം

കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

പുസ്തകം 22 | ലക്കം 19 | ജൂൺ 15 2024

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക


അകത്താളുകളിൽ


2 ലോക പരിസ്ഥിതിദിനം: സംസ്ഥാന തല ആഘോഷത്തിന് മുഖ്യമന്ത്രി തുടക്കം കുറിക്കും

3 പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ ലോക പരിസ്ഥിതി ദിനം ആചരിച്ചു

5 കെപ്കോ ഉൽപ്പന്നങ്ങൾ ഇനി അതിവേഗം ജനങ്ങളിലേക്ക്


## ലോക പരിസ്ഥിതി ദിനം സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിച്ചു

ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കൃഷിവകുപ്പ് നടപ്പിലാക്കുന്ന വാർഡ് തല ഫലവൃക്ഷതൈ നടീൽ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ക്ലിഫ് ഹൗസിൽ ഇന്ന് (05.06.2024) രാവിലെ 9 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ചെമ്പരത്തി വരിക്ക പ്ലാവിൻതൈ നട്ടുകൊണ്ട് നിർവ്വഹിച്ചു. സീതപ്പഴം തൈ നട്ടുകൊണ്ട് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദും, തായ്‌ലൻഡ് ചാമ്പ തൈ നട്ടുകൊണ്ട് വട്ടിയൂർക്കാവ് MLA വി. കെ. പ്രശാന്തും, കിലോപേര തൈ നട്ടുകൊണ്ട് മുഖ്യമന്ത്രിയുടെ ഭാര്യ കമല വിജയനും കോട്ടുകോണം മാവിൻതൈ നട്ടുകൊണ്ട് മുഖ്യമന്ത്രിയുടെ ചെറുമകൻ ഇഷാനും പദ്ധതിയുടെ ഭാഗമായി.

മണ്ണിന്റെ സ്വാഭാവികത നിലനിർത്തുക, വരൾച്ച പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുക എന്നീ ആശയങ്ങൾക്ക് ഊന്നൽ നൽകി 'നമ്മുടെ മണ്ണ് നമ്മുടെ ഭാവി' എന്ന യുണൈറ്റഡ് നാഷൻസ് ആഹ്വാനം ഏറ്റെടുത്ത് സംസ്ഥാനത്താകമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് തലത്തിൽ ഫലവൃക്ഷതൈകൾ നട്ടുകൊണ്ടാണ് ഈ വർഷം കൃഷി വകുപ്പ് പരിസ്ഥിതി ദിനം ആഘോഷിച്ചത്. കാലാവസ്ഥ വ്യതിയാനം കാർഷിക മേഖലയിൽ സൃഷ്ടിച്ച മാറ്റങ്ങൾക്കനുസരിച്ച് കൃഷി രീതി ചിട്ടപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെയും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെയും പറ്റി പൊതുസമൂഹത്തിൽ അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെയാണ് സംസ്ഥാനവ്യാപകമായി പരിപാടി സംഘടിപ്പിച്ചത്.

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലത്തിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഫലവൃക്ഷതൈകൾ നട്ടുകൊണ്ട് ഈ പരിപാടിയുടെ ഭാഗമായി. ക്ലിഫ് ഹൗസിൽ നടന്ന പരിപാടിയിൽ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി. അശോക് IAS, അഡിഷണൽ ഡയറക്ടർ തോമസ് സാമുവൽ കൃഷി വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.







ചീഫ് എഡിറ്റർ - ആശ എസ്. കുമാർ
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - പ്രശാന്ത് ജി.എസ്.
അസിസ്റ്റൻറ് എഡിറ്റർ - വിഷ്ണു എസ്.പി.

# ലോക പരിസ്ഥിതിദിനം: സംസ്ഥാനതല ആഘോഷത്തിന് മുഖ്യമന്ത്രി തുടക്കം കുറിക്കും

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മണ്ണിന്റെ സ്വാഭാവികത നിലനിർത്തുക, വരൾച്ച പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുക എന്നീ ആശയങ്ങൾക്ക് ഊന്നൽ നൽകി നമ്മുടെ മണ്ണ് നമ്മുടെ ഭാവി എന്ന യുണൈറ്റഡ് നാഷൻസ് ആഹ്വാനം ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനത്താകമാനം കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ വാർഡുകൾ കേന്ദ്രീകരിച്ച് ഫലവൃക്ഷതൈകൾ നടുന്നു. പദ്ധതിയുടെ സംസ്ഥാനതല ആരംഭം ക്ലിഫ് ഹൗസിൽ പ്രാരംഭമായി ഫലവൃക്ഷത്തൈ നട്ടുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. ജൂൺ 5 ബുധനാഴ്ച രാവിലെ 9 മണിക്ക് ക്ലിഫ് ഹൗസിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദിന്റെ സാന്നിധ്യത്തിൽ നടക്കുന്ന പരിപാടിയിൽ സ്ഥലം MLA വി.കെ. പ്രശാന്ത്, കൃഷി വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

തദവസരത്തിൽ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലത്തിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഫലവൃക്ഷതൈകൾ നട്ടുകൊണ്ട് ഈ പരിപാടിയുടെ ഭാഗമാകും. കേരളത്തിലെ വിവിധ കാർഷിക പാരിസ്ഥിതിക മേഖല (AEZ) അധിഷ്ഠിതമായി അതാത് മേഖലകൾക്ക് അനുയോജ്യമായ ഫലവർഗ്ഗ വിളകൾ ആവും ലഭ്യതയ്ക്കനുസരിച്ച് തിരഞ്ഞെടുക്കുക. മാവ്, പ്ലാവ്, സപ്പോട്ട, റംബുട്ടാൻ, പേര, ചാമ്പ, സീതപ്പഴം, മാങ്കോസ്റ്റിൻ, അവോക്കാഡോ, സുരിനാം ചെറി തുടങ്ങിയ ഫലവർഗ്ഗങ്ങൾക്കാവും മുൻഗണന നൽകുക. തൈകളുടെ നടീൽ, പരിപാലനം അനുബന്ധ വിഷയങ്ങളിൽ അതാത് പ്രദേശങ്ങളിലെ കൃഷി ഉദ്യോഗസ്ഥർ നിർദ്ദേശം നൽകുകയും നിരീക്ഷണം നടത്തുകയും ചെയ്യും.

# നൂറുമേനി പ്ലേസ് മെന്റ് തിളക്കവുമായി വീണ്ടും ഏവിയൻ സയൻസ് കോളേജ്



പഠിച്ചിറങ്ങുന്ന മുഴുവൻ കുട്ടികൾക്കും പൗൾട്രി സയൻസ് മേഖലയിൽ ജോലി ഉറപ്പു വരുത്തുന്ന സ്ഥാപനമായി മാറിയിരിക്കുകയാണ് കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ തിരുവിഴാംകുന്നുള്ള ഏവിയൻ സയൻസ് കോളേജ്. നാനൂറ് ഏക്കറോളം വരുന്നതിരുവിഴാംകുന്ന് കന്നുകാലി ഗവേഷണകേന്ദ്രം ക്യാമ്പസ്സിലാണ് കോളേജ് സ്ഥിതിചെയ്യുന്നത്. 2014 ൽ ആരംഭിച്ച കോളേജ് 10 വർഷം പിന്നിടുമ്പോൾ ഇന്ത്യയ്ക്കു അകത്തും പുറത്തുമായി പൗൾട്രി വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മുന്നൂറോളം ബിരുദധാരികളെ സൃഷ്ടിച്ചു കഴിഞ്ഞു. മൂന്നുവർഷം ദൈർഘ്യമുള്ള ബി.എസ്.സി. PPBM (പൗൾട്രി പ്രൊഡക്ഷൻ ആൻഡ് ബിസിനസ് മാനേജ്മെന്റ്) കോഴ്സ് ആണ് സർവ്വകലാശാല നേരിട്ട് നടത്തിവരുന്നത്.

സിലബസിന്റെ ഏതാണ്ട് അറുപതു ശതമാനം പൗൾട്രി സയൻസ് വിഷയങ്ങളും ബാക്കി നാൽപതു ശതമാനം ബിസിനസ് മാനേജ്മെന്റ് വിഷയങ്ങളുമാണ്. പൗൾട്രി മേഖലയിൽ പ്രവർത്തിക്കാനുള്ള നൈപുണ്യവും, അതേ സമയം ഒരു സംരംഭകനായി മാറാനുള്ള കഴിവും ഒരുപോലെ പ്രാപ്തമാക്കാൻ സഹായിക്കുക എന്ന

ലക്ഷ്യം വച്ച് ഈ രണ്ടുവിഷയങ്ങളും കോർത്തിണക്കിക്കൊണ്ടുള്ളഇന്ത്യയിലെ തന്നെ ഏക സ്ഥാപനമാണ് വെറ്ററിനറി സർവ്വകലാശാലയുടെ ഏവിയൻസയൻസ് കോളേജ്.

പ്ലസ്ടു ബയോളജി/ വി.എച്ച്.എസ്.സി പരീക്ഷകളിൽ അൻപതു ശതമാനം മാർക്ക് നേടിയവർക്കാണ് പ്രസ്തുത കോഴ്സിലേക്ക് അപേക്ഷിക്കാൻ അവസരം. ജൂൺ മാസം പകുതിയോടെ സർവ്വകലാശാലയുടെ വെബ്സൈറ്റ് ആയ www.kvasu.ac.in വഴി ഓൺലൈൻ ആയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. 45 സീറ്റിലേക്ക്പ്രവേശനം നടത്തുന്ന സർവ്വകലാശാലനടത്തുന്ന എൻട്രൻസ് പരീക്ഷയിലൂടെയാണ്. 6 സെമസ്റ്റർ ദൈർഘ്യമുള്ള കോഴ്സ് വർക്കിനോടൊപ്പം ഫാം ട്രെയിനിങ്, സംരംഭകത്വ വികസനം ലക്ഷ്യമാക്കിയുള്ള ട്രെയിനിങ്, ദക്ഷിണേന്ത്യൻ പഠനയാത്ര, മൂന്നു മാസത്തെ ഇന്റേൺഷിപ്പ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം മുതൽ വ്യാവസായികാടിസ്ഥാനത്തിലുള്ള ഇന്റേൺഷിപ്ലേസ്മെന്റ് നടപടികളും കോളേജ് ആരംഭിച്ചിട്ടുണ്ട്.



ഇത്തവണ കോഴ്സ് കഴിഞ്ഞ് പ്ലേസ്മെന്റിന് അപേക്ഷിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും എസ്.കെ.എം, ശാന്തി, സുഗുണ, വെങ്കടേശ്വര തുടങ്ങിയ പ്രമുഖ കമ്പനികളിൽ ക്യാമ്പസ് പ്ലേസ്മെന്റ് ലഭിച്ചുകഴിഞ്ഞു. കൂടാതെ ഉന്നതപഠനം ആഗ്രഹിക്കുന്നവർക്ക് എം.ബി.എ, എം.എസ്.സിപൗൾട്രിസയൻസ്/അനിമൽസയൻസ്/വൈൽഡ് ലൈഫ്സ്റ്റഡീസ് എന്നിവ ഇന്ത്യയ്ക്കു അകത്തും പുറത്തും പഠിക്കാനാകും. കോഴ്സ് കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനായി വെറ്ററിനറി സയൻസിന് ചേരാനുള്ള അവസരവുമുണ്ട്.

ഇന്ത്യക്ക് അകത്തും പുറത്തുമായി പൗൾട്രി സയൻസ് മേഖലയുമായി ബന്ധപ്പെട്ട ജോലികളോടൊപ്പം, വെറ്ററിനറി സർവ്വകലാശാലയുടെയും, പൗൾട്രി കോർപറേഷനിലെയും ഫാം അസിസ്റ്റന്റ് തസ്തിക, കേരളചിക്കൻ പ്രൊജക്റ്റ് എന്നിവിടങ്ങളിലും നിലവിൽ ഈബിരുദധാരികൾ ജോലി നോക്കുന്നുണ്ട്.

# പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ ലോക പരിസ്ഥിതി ദിനം ആചരിച്ചു

ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രത്തിൻ്റെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. NICRA ഗ്രാമമായി തിരഞ്ഞെടുത്തിട്ടുള്ള പട്ടിത്തറയിൽ ഗ്രാമപഞ്ചായത്തിന്റെയും കൃഷിവിജ്ഞാന കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ കുരുമുളക്, കറുവപ്പട്ട തുടങ്ങിയ



സുഗന്ധ വിളകളുടെ തൈകൾ കർഷകർക്ക് വിതരണം ചെയ്തു. പട്ടിത്തറ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. ബാലൻ ഉദ്ഘാടനം ചെയ്ത ഈ ചടങ്ങിന് വാർഡ് മെമ്പർ രാധ അദ്ധ്യക്ഷത വഹിച്ചു.

ചടങ്ങിൽ പട്ടിത്തറ കൃഷി ഓഫീസർ ശ്രീമതി. അശ്വതി, കൃഷി വിജ്ഞാന കേന്ദ്രം പാലക്കാട് മേധാവി ശ്രീമതി.സുമിയ.കെ.വി എന്നിവർ സംസാരിച്ചു. വാർഡ് മെമ്പർ ഹരീഷ് ആശംസകളർപ്പിച്ചു. ഈ ചടങ്ങുകൾക്ക പുറമെ കൃഷിവിജ്ഞാന കേന്ദ്രത്തിലെ കർഷക ഹോസ്റ്റലിന് ചുറ്റുമുള്ള സ്ഥലത്ത് ഫലവൃക്ഷ തൈകൾ വെച്ച് പിടിപ്പിക്കുകയും അതോടോപ്പം സസ്യപ്രവർദ്ധന രീതികളെക്കുറിച്ച് ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തു.

# വാഴയിലെ കുഴിപ്പുള്ളി രോഗം

## മുൻകരുതലുകൾ അനിവാര്യം


**ഡോ. വിമി ലൂയിസ്**
(പ്രൊഫസർ & ഹെഡ്, വാഴ ഗവേഷണ കേന്ദ്രം കണ്ണാറ)
**അലൻ സി ആൻറണി**
(ഗവേഷണ വിദ്യാർത്ഥി, കാർഷിക കോളേജ്, വെള്ളാനിക്കര)


ഓണ വിപണി ലക്ഷ്യമാക്കിയുള്ള നേന്ത്രവാഴ കൃഷിയിൽ കുല വരുന്ന സമയമാണല്ലോ ഇത്. കഴിഞ്ഞ കുറച്ചു വർഷങ്ങളായി നേന്ത്രക്കുലകളുടെ വാണിജ്യ സാധ്യതയ്ക്ക് മങ്ങൽ എൽപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു രോഗമാണ് കുഴിപ്പുള്ളി അല്ലെങ്കിൽ പിറ്റിങ് രോഗം. വർഷക്കാലത്ത് കായ മൂപ്പെത്തുന്നതോടെയാണ് രോഗ ലക്ഷണങ്ങൾ കണ്ടു വരുന്നത്.

കായകളുടെ അഗ്രഭാഗത്തായി തൊലിപ്പുറത്ത് സൂചിമുനകളുടെ വലുപ്പത്തിലുള്ള ചെറിയ തവിട്ടുപുള്ളികൾ രൂപപ്പെടുന്നു, തുടർന്ന് അവ വലുതായി എകദേശം 0.5 സെ.മി വലുപ്പത്തിലുള്ള കുഴികളായി മാറും ഈ കുഴികൾക്ക് ചുറ്റും പർപ്പിൾ നിറത്തിലുള്ള വലയങ്ങൾ കാണാം. രോഗം മൂർച്ഛിക്കുന്നതനുസരിച്ച് ഇത്തരം കുഴികൾ പരസ്പരം കൂടിചേർന്ന് വാഴപ്പഴത്തിൻറെ തൊലി കുമിൾബാധ മൂലം കരിഞ്ഞുപോവുകയും ചെയ്യുന്നു.

രോഗം അകത്തേക്ക് ബാധിക്കാതെ തൊലിപ്പുറത്തുമാത്രം കാണുന്നതിനാൽ ഉള്ളിലെ കാമ്പിന് കാര്യമായ ദോഷം സംഭവിക്കുന്നില്ല. ഇത്തരം പുള്ളികുത്തുകളും അവ ഉണ്ടാക്കുന്ന കരിച്ചിലുകളും കുലകളുടെ വിപണിമൂല്യം ഗണ്യമായി കുറയ്ക്കും മൂപ്പ് കൂടിയതിനു ശേഷവും കുല തോട്ടത്തിൽ നിർത്തുകയാണെങ്കിൽ കായീച്ചയും, പഴയീച്ചയും കായ്കളിൽ മുട്ട ഇടുകയും മുട്ടവിരിഞ്ഞ് ഇറങ്ങുന്ന പുഴുക്കൾ കാമ്പിനുള്ളിൽ വളരുകയും ചെയ്യുന്നു. ഇത്തരം പുഴുക്കുത്തേറ്റ കായ്കളിൽ തൊലിപ്പുറമെ ചെറിയ സുഷിരങ്ങൾ കാണാം. തുടർന്ന് ഇത്തരം പഴങ്ങൾ ഭക്ഷ്യയോഗ്യമല്ലാതായിത്തീരും. രോഗം പ്രധാനമായും കായ്കളെയാണ് ബാധിക്കുന്നതെങ്കിലും, ടിഷ്യൂ കൾച്ചർ വാഴതൈകൾ, വാഴപ്പോള, ഇല, ഇലത്തണ്ട്, കുലത്തണ്ട് എന്നിവിടങ്ങളിൽ നിന്നും രോഗകാരിയായ കുമിളിൻറെ സാന്നിധ്യം തിരിച്ചറിഞ്ഞിട്ടുണ്ട്.

രോഗം ബാധിച്ച കായ്കളിൽ നിന്നും കുമിളിൻറെ വിത്തുകൾ വായുവിലേക്ക് വ്യാപിക്കുകയും അങ്ങനെ രോഗം ചുറ്റുപാടുമുള്ള മറ്റ് വാഴകളിലേക്ക് പടരുകയും ചെയ്യും. രോഗകാരിയായ കുമിളിന് അനുയോജ്യമായ കാലാവസ്ഥയാണ് ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള സമയം. ആയതിനാൽ രോഗം വരാതിരിക്കാനും, വ്യപിക്കാതിരിക്കാനുമുള്ള മുൻകരുതലുകൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്.


### നിയന്ത്രണ മാർഗ്ഗങ്ങൾ

ഉണങ്ങിയ ഇലകൾ മുറിച്ചുമാറ്റി തോട്ടം വൃത്തിയായി സൂക്ഷിക്കുക.

പോളിഎത്തിലീൻ കവർ / പ്ളാസ്റ്റിക് ചാക്ക് ഉപയോഗിച്ച് കുലകൾ പൊതിയുക.

ഉണങ്ങിയ ഇലകൾ ഉപയോഗിച്ച് കുലകൾ പൊതിയാതിരിക്കുക.

കായ്കളിലെ രോഗബാധയ്ക്ക് രോഗാരംഭത്തിൽ തന്നെ സമ്പർക്ക കുമിൾ നാശിനികളായ മാങ്കോസെബ് അല്ലെങ്കിൽ കോപ്പർ ഓക്സിക്ളോറൈഡ് 3 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ, അന്തർ വ്യാപന ശേഷിയുള്ള കുമിൾ നാശിനിയായ കാർബെൻഡാസിം 1 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തളിച്ചുകൊടുക്കുന്നതിലൂടെ രോഗ വ്യാപനം തടയാം.



# കെപ്കോ ഉൽപ്പന്നങ്ങൾ ഇനി അതിവേഗം ജനങ്ങളിലേക്ക്




കേരള സംസ്ഥാന പൗൾട്രി വികസന കോർപറേഷന്റെ ചിക്കൻ, മുട്ട ഉൽപ്പന്നങ്ങൾ വിപണിയിൽ സുലഭമാക്കുന്നതിന്റെ ഭാഗമായി 3 പുത്തൻ വാഹനങ്ങൾ നിരത്തിലിറക്കി.

കെപ്കോയുടെ റെസ്റ്റോറന്റിൽ നിന്നും ഓർഡർ അനുസരിച്ച വിഭവങ്ങൾ ആവശ്യക്കാരിലേക്ക് അതിവേഗം എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് തനത് ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ ചെലവിട്ട് വാഹനങ്ങൾ വാങ്ങിയത്.

പ്രസ്തുത വാഹനങ്ങളുടെ ഫ്ലാഗ് ഓഫ് ഇന്ന് (11/06/2024) രാവിലെ 12 മണിക്ക് കെപ്കോ ചെയർമാൻ പി. കെ. മൂർത്തിയുടെ അധ്യക്ഷതയിൽ മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി വികസ്ഭവൻ അങ്കണത്തിൽ വെച്ച് നിർവഹിച്ചു. സംസ്ഥാന പൗൾട്രി വികസന കോർപറേഷന്റെ കുടപ്പനകുന്നിൽ പ്രവർത്തിക്കുന്ന ഹാച്ചറിയിൽ നിന്നും കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്ത് വളർത്തിയെടുത്താണ് കെപ്കോ ആവശ്യമായ ഇറച്ചി ഉൾപ്പാദിപ്പിക്കുന്നത്. നിലവിൽ കെപ്കോ കേരള ചിക്കൻ എന്ന ബ്രാൻഡിലാണ് പൗൾട്രി വികസന കോർപറേഷൻ ജനങ്ങൾക്ക് ഗുണമേന്മയുള്ള ചിക്കൻ ലഭ്യമാക്കി വരുന്നത്. കെപ്കോ മാനേജിങ് ഡയറക്ടർ ഡോ. പി. സെൽവകുമാർ, വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥർ, കെപ്കൊ ജീവനക്കാർ തുടങ്ങിയവർ ഫ്ലാഗ് ഓഫ് പരിപാടിയിൽ പങ്കെടുത്തു.

# കോഴിക്കുഞ്ഞുങ്ങളുടെ വിതരണോദ്ഘാടനം

കേരളത്തിലെ കോഴിവളർത്തൽ മേഖലയുടെ സമഗ്ര വികസനത്തിലൂടെ കോഴിമുട്ട. കോഴിയിറച്ചി എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ 1989 കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ രൂപീകൃതമായി. ഈ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റാൻ സഹായകമായ വിധത്തിലാണ് കെപ്കോയുടെ പ്രവർത്തന രീതികൾ ഇക്കാലമാത്രയും അവലംബിച്ചിട്ടുള്ളത്.

സംസ്ഥാനത്തെ സർക്കാർ, സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ 8-9 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ കോഴിവളർത്തലിനുള്ള താൽപ്പര്യം വർദ്ധിപ്പിച്ച് ഭക്ഷണത്തിൽ മുട്ടയുടെ ലഭ്യത ഉറപ്പാക്കാനും, കുട്ടികളിൽ ഇത് വഴി സമ്പാദ്യശീലം വളർത്തിയെടുക്കാനും പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് "കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി.". കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി പ്രകാരം കഴിഞ്ഞ 7 വർഷത്തിനുള്ളിൽ സംസ്ഥാനത്തെ വിവിധ വിദ്യാലയങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട 55000 വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ ആനുകൂല്യങ്ങൾ നൽകി കഴിഞ്ഞു. പ്രസ്തുത പദ്ധതി പ്രകാരം 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലായി 8681 വിദ്യാർത്ഥികൾക്ക്

73,78,850/ രൂപയുടെ പദ്ധതി ആനുകൂല്യങ്ങൾ നൽകുവാനും സാധിച്ചിട്ടുണ്ട്.. കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി 13/06/2024 (ബുധനാഴ്ച) രാവിലെ 8.30 മണിയ്ക്ക് കൊല്ലം ജില്ലയിലെ ചടയമംഗലം നിയോജക മണ്ഡലത്തിലെ ഡോ.വയല വാസു ദേവൻ പിള്ള മെമ്മോറിയൽ ഗവൺമെന്റ്



എച്ച്.എസ്.എസ് ൽ ശ്രീമതി.ലതികാ വിദ്യാധ രൻ, ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻ്റിൻ്റെ അദ്ധ്യക്ഷതയിൽ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ്റെ ചെയർമാനായ ശ്രീ.പി.കെ. മൂർത്തി അവർകൾ ഉത്ഘാടനം നിർവഹിക്കുകയുണ്ടായി. മാനേജിംഗ് ഡയറക്ടർ ഡോ.പി. സെൽവ കുമാർ, റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീമതി.ഷീജ എസ്.ഡി. പ്രിൻസിപ്പൽ സ്വാഗതം പറഞ്ഞു. കുമാരി സി.അമൃത, പ്രസിഡൻ്റ് ഇട്ടിവ ഗ്രാമപഞ്ചായത്ത് ആമുഖപ്രഭാഷണവും, അഡ്വ.സാം.കെ ഡാനിയൽ മഖ്യപ്രഭാഷണവും നടത്തി. ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, പഞ്ചായത്ത് അംഗ ങ്ങൾ, പി.റ്റി.എ അംഗങ്ങൾ, വാർഡ് മെമ്പർ, രക്ഷകർത്താക്കൾ, പൊതുജനങ്ങൾ



എന്നിവർ പ്രസ്തുത ചടങ്ങിൽ പങ്കെടുക്കുകയുണ്ടായി.

ടി വിദ്യാലയങ്ങളിലെ 8-9 ക്ലാസുകളിലെ 194 വിദ്യാർത്ഥികൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചത്. ഒരു വിദ്യാർത്ഥിക്ക് 5 കോഴിയും, 1 കിലോ തീറ്റയും, മരുന്നുമാണ് തികച്ചും സൗജന്യമായി നൽകിയത്. ഇതിലൂടെ ഒരു വിദ്യാർത്ഥിക്ക് 850/- രൂപയുടെ ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്. കുഞ്ഞു കൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി പ്രകാരം പ്രസ്തുത വിദ്യാലയത്തിൽ 1,64,900/- രൂപയുടെ ആനുകൂല്യങ്ങളാണ് വിതരണം ചെയ്തത്.

# വെറ്ററിനറി സർവ്വകലാശാലയുടെ 14 – ാമത് സ്ഥാപിതദിനാഘോഷം – 'നിറവ് @14' നടന്നു

കേരള വെറ്ററിനറി & ആനിമൽ സയൻസസ്സർവ്വകലാശാലയുടെ 14-ാമത് സ്ഥാപിത ദിനാഘോഷം-'നിറവ്@14'- വാഗമണിലുള്ള കോലാഹലമേട് കാമ്പസിൽ വെച്ച് വിപുലമായ പരിപാടികളോടെ നടന്നു.

സംസ്ഥാനത്ത് മൃഗപരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടേയും കർഷകരുടേയും ഉന്നമനത്തിനുതകുന്ന 14 പദ്ധതികൾ നാടിന് സമർപ്പിച്ച് കൊണ്ടാണ് ഈ സ്ഥാപിതദിനം സർവ്വകലാശാല ആഘോഷിച്ചത്. പ്രസ്തുത പദ്ധതികളുടെ സമർപ്പണവും 14-ാമത് സ്ഥാപിതദിനാഘോഷചടങ്ങിൻ്റെ ഉദ്ഘാടനവും സംസ്ഥാന മൃഗസംരക്ഷണ- ക്ഷീരവികസനവകുപ്പ് മന്ത്രിയും, സർവകലാശാല പ്രോ -ചാൻസലറുമായ ശ്രീമതി ജെ. ചിഞ്ചുറാണി നിർവ്വഹിച്ചു. പീരുമേട് എം.എൽ.എ, ശ്രീവാഴൂർ സോമൻ അവർകൾ ചടങ്ങിൽ അധ്യക്ഷനായിരുന്നു. സർവ്വകലാശാല രജിസ്ട്രാർ ഡോ. പി. സുധീർബാബു സ്വാഗതം ആശംസിച്ചു. സർവ്വകലാശാല വൈസ്ചാൻസലർ ഡോ. അനിൽ കെ.എസ്. മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് സർവ്വകലാശാല ഡയറക്ടർ ഓഫ് അക്കാദമിക്സ് ആൻ്റ് റിസർച്ച് ഡോ. സിലത, ഡയറക്ടർ ഓഫ്എൻ്റർപ്രിണർഷിപ്പ് ഡോ. ടി.എ.സ്രാജീവ് എന്നിവർ റിപ്പോർട്ടുകൾ അവതരിപ്പിച്ചു.

കൂടാതെ ഏലപ്പാറ പഞ്ചായത്ത് പ്ര




സിഡന്റ് ശ്രീമതി മറിയാമ്മ, വാഗമൺ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി ശ്രുതി പ്രദീപ്, കോലാഹലമേട് വാർഡ് മെമ്പർ ശ്രീമതി സിനിവിനോദ്, KLDB മാനേജർ ശ്രീ ജൂഡിജോർജ്ജ്, മണ്ണുത്തി VKIDFT ഫാക്കൽറ്റിഡീൻ ഡോ. എസ്.എൻ. രാജ്കുമാർ എന്നിവർ ആശംസകളർപ്പിച്ചു. കോലാഹലമേട് ബേസ് ഫാമിലെ അസോസിയേറ്റ് പ്രൊഫസർ ആന്റ് ഹെഡ്. ഡോ. നൈസിതോമസ് നന്ദിയർപ്പിച്ചു. കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാല ഭരണസമിതി അംഗങ്ങളും സാമൂഹിക സാംസ്കാരിക ശാസ്ത്രരംഗങ്ങളിലെ വിശിഷ്ട വ്യക്തികളും ചടങ്ങിൽ സന്നിഹിതരായിരുന്നു.



# കർഷകർക്ക് ആശങ്കയായി കവുങ്ങ് കൃഷിയിൽ വ്യാപകമാകുന്ന ചുവന്നമണ്ഡരി

കേരളത്തിലെകവുങ്ങിൻതോട്ടങ്ങളിൽചുവന്ന മണ്ഡരിയുടെ ആക്രമണം വ്യപകമാകുന്നു. മുൻവർഷങ്ങളിലും മണ്ഡരിയുടെ ആക്രമണം കൃഷിയിടങ്ങളിൽ കണ്ടിരുന്നുവെങ്കിലും ഈ അടുത്ത രണ്ടു വർഷങ്ങളിൽ ആയിട്ടാണ് ഇവയുടെ ആക്രമണം രൂക്ഷമായത്. ഈവർഷംതൃശ്ശൂർ, മലപ്പുറം, പാലക്കാട്ജില്ലകളിലെവിവിധഇടങ്ങളിൽനി



ന്നുംമണ്ഡരിആക്രമണംരേഖപ്പെടുത്തി. പുതുതായി കവുങ്ങിൻ കൃഷി ആരംഭിച്ച തോട്ടങ്ങളിൽ, മൂന്ന നാല് വർഷം വരെ പ്രായമുള്ളതൈകളിൽ ആണ് ചുവന്ന മണ്ഡരിയുടെ ആക്രമണം രൂക്ഷമായി കാണുന്നത്.റവോയെല്ലഇൻഡിക്ക എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ചുവന്ന മണ്ഡരി, ഓലയുടെ അടിഭാഗത്തു കൂട്ടമായിരുന്ന് നീരൂറ്റികുടിക്കുന്നു. തുടക്കത്തിൽ ഇല മഞ്ഞളിക്കുകയും പിന്നീട് ഓല കരിഞ്ഞു ഉണങ്ങിപോവുകയും ചെയ്യുന്നു. ഈലക്ഷണങ്ങൾമൂലകങ്ങളുടെകുറവുമൂലമാണെന്ന്കർഷകർതെറ്റിദ്ധരികാൻഇടയുണ്ട്.ഈമണ്ഡരിവളരെചെറിയതും വളരെപതുകെചലിക്കുന്നതുംകാരണം ഇതിന്റെആക്രമണംസാധാരണയായിശ്രദ്ധയിൽപെടാറില്ല. മണ്ഡരിയുടെ സാന്നിധ്യം ഉറപ്പുവരുത്താൻ ഇലയുടെ അടിഭാഗത്തു കൈവിരൽ കൊണ്ട് തുടച്ചുനോക്കിയാൽ വിരലിൽ കുങ്കുമനിറത്തിൽ കാണപ്പെടും.

കേരളത്തിലെവിവിധ പ്രദേശങ്ങളിൽ കവുങ്ങിൽഈമണ്ഡരിയുടെ ആക്രമണം രേഖപ്പെടുത്തിയ സാഹചര്യത്തിൽ കർഷകർ ജാഗ്രത പുലർത്തണമെന്ന് കേരളകാർഷികസർവകലാശാലയിലെ മണ്ഡരി ഗവേഷണ സംഘംമുന്നറിയിപ്പ് നൽകി.

## നിയന്ത്രണ മാർഗങ്ങൾ

മണ്ഡരിയുടെ ആക്രമണം പ്രാരംഭഘട്ടത്തിൽ നിയന്ത്രിക്കാൻ വെറ്റബിൾ സൾഫർ അഞ്ച്ഗ്രാംഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്. മഴക്കാലങ്ങളിൽ വെറ്റബിൾ സൾഫറിനൊപ്പം ലിറ്ററിന് ഒരു മില്ലി പശചേർത്ത് തളിക്കുന്നത് ഉത്തമമാണ്. ആക്രമണം രൂക്ഷമാകുന്ന സാഹചര്യത്തിൽ ഡൈമെത്തോയേറ്റ് എന്ന കീടനാശിനി ഒന്നര മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാവുന്നതാണ്. കൂടാതെ കാർഷിക സർവകലാശാലയിലെ ഓൾ ഇന്ത്യ നെറ്റ് വർക്ക് പ്രൊജക്റ്റ് ഓൺ അഗ്രികൾച്ചറൽ ഏക്കറോളജി പദ്ധതിയുടെ ഭാഗമായി വിവിധ കവുങ്ങിൻ തോട്ടങ്ങളിൽ നടത്തിയ പരീക്ഷണത്തിൽ പുതുതല മുറയിൽ പെട്ട മണ്ഡരി നാശിനി സ്പൈറോ മെസിഫെൻ ഒരുമില്ലി ഒരു ലിറ്റർ എന്ന തോതിൽവെള്ളത്തിൽ കലക്കി തളിക്കുന്നത് ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.







ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sreekala S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh